# നോമ്പുക്കാലം

## വചന വിചിന്തനം

### ആറാം ഞായർ

യോഹ 10,11-18

**"അപ്പനിൽ നിന്ന് 'നല്ല' അപ്പനിലേയ്ക്കുള്ള ദൂരമാണ്**
**ഇടയനിൽ നിന്ന് 'നല്ല' ഇടയനിലേയ്ക്കുള്ള ദൂരം!"**

മലയാളത്തിലെ ഏറ്റവും മനോഹരമായ നോവലുകളിൽ ഒന്നാണ് സെബാസ്റ്റ്യൻ പള്ളിത്തോടിന്റെ "ആഞ്ഞൂസ് ദേയി" എന്നുള്ളത്. വലുപ്പം കൊണ്ട് ഒരു പക്ഷെ "ആഞ്ഞൂസ് ദേയി" ചെറുകഥയുടെ അത്രയ്ക്കുയൊള്ളുവെങ്കിലും ചിന്താധാരകൾ കൊണ്ട് ഏറ്റവും സമ്പന്നമാണ്. "ദൈവത്തിന്റെ കുഞ്ഞാട്" എന്നാണ് "ആഞ്ഞൂസ് ദേയി" എന്ന ലത്തീൻ പദത്തിന്റെ അർത്ഥം. ദൈവത്തിന്റെ കുഞ്ഞാടായിട്ടുള്ള മിശിഹായുടെ സ്വഭാവം ആനുകാലിക ജീവിതങ്ങളിലൂടെ എടുത്തു കാണിക്കുകയാണ് കഥാകൃത്തായിട്ടുള്ള സെബാസ്റ്റ്യൻ പള്ളിത്തോട്. മംഗലപ്പുഴ സെമിനാരിയാണ് ഈ നോവലിന്റെ ഇതിവൃത്തമായി സ്വീകരിച്ചിരിക്കുന്നത്.

"ഒരാട്ടിൻപറ്റവും ഒരിടയനും!" നല്ല ഇടയൻമാർ എവിടെയുണ്ടോ അവിടെയെല്ലാം ക്രിസ്തു വിഭാവനം ചെയ്യുന്ന ഐക്യം ഉണ്ടാകും. ആദ്യമ ക്രിസ്ത്യാനികൾ മറിയത്തിന്റെ സാന്നിദ്ധ്യത്തിൽ 'ഒരുമനസും ഒരു ഹൃദയവുമായിരുന്നു.'

നിയമങ്ങളെന്നും ഭാരപ്പെടുത്തുന്നതാണ്. നിയമങ്ങൾക്ക് വിധേയപ്പെടേണ്ടതായി വരുമ്പോൾ നാം നിയമങ്ങളുടെ ആദർശവിശുദ്ധിയൊന്നും നോക്കാറില്ല. അധികാരികളുടെ സ്വരം ദൈവസ്വരമാണെന്നും നിയമങ്ങൾ ദൈവികനിയമങ്ങളാണെന്നുമുള്ള വിചാരങ്ങൾ കാറ്റിൽ പറത്തുന്നവരുമാണ് ഭൂരിഭാഗം പേരും. സെമിനാരിയിടെ ശെമ്മാശ്ശൻമാരെ ഭാരപ്പെടുത്തുന്ന വലിയ നിയമങ്ങളിൽ ഒന്നായിരുന്നു "മുഴുവൻ സമയവും ളോഹ (വൈദികവസ്ത്രം) ധരിച്ച് നടക്കണം" എന്നത്. എന്തിനേറെ, കളിക്കാൻ പോകുമ്പോൾ പോലും ളോഹ ഊരിവച്ച് കളിക്കാൻ അനുവാദമില്ല. ഇതിനോട് പ്രതികരിക്കാൻ സെമിനാരിയിലെ ശെമ്മാശ്ശൻമാർ തിരുമാനിച്ചു.

ഒരു ദിവസം സെമിനാരിയിലെ എല്ലാ ശെമ്മാശ്ശൻമാരും കൈയിലി മുണ്ടെടുത്ത് വൈകുന്നേരം കാപ്പികുടിക്കാൻ ഊട്ടുമുറിയിലെത്തി. ശെമ്മാശ്ശൻമാരുടെ ധിക്കാരത്തിന് മുമ്പിൽ സെമിനാരിയിലെ കാറ്റുപോലും നിശബ്ദമായി. നിയമം പരസ്യമായി ലംഘിച്ചിരിക്കുന്നു. എന്നിട്ടും, ആരും ഒന്നും പറയുന്നില്ല. സംഘാതബലം കൊണ്ട് എറെ നിൽക്കുന്ന ഈ ശെമ്മാശ്ശൻമാരുടെ അടുത്ത് പറഞ്ഞിട്ട് എന്തു കാര്യം!

എന്നിട്ടും, അവരുടെ "മുഴുവൻ സമയവും ളോഹ ധരിച്ച് നടക്കണം" എന്നുള്ള നിയമത്തിനോടുള്ള വിയോജിപ്പിന്റെ ആയുസിന് ഒരു കാപ്പികുടിയുടെ നേരം മാത്രമാണ് ആയുസ്സുണ്ടായത്. കാരണം, കപ്പികുടി കഴിഞ്ഞ് തിരികെ അവരവരുടെ മുറിയിലേയ്ക്ക് പോയപ്പോൾ അവർ കണ്ട കാഴ്ച്ച,

"സെമിനാരിയിലെ റെക്ടറച്ചനായിരുന്ന ഔറേലിയനച്ചൻ പ്രധാന ദേവാലയത്തിന്റെ മുമ്പിലെ ചുട്ടുപഴുത്ത കോൺക്രീറ്റ് സ്ലാബിന്റെ മേൽ ചിരൽകല്ലുകൾ കൂട്ടിയിട്ട് ഇരു കരങ്ങളും സ്വർഗ്ഗത്തിലേയ്ക്കുയർത്തി തന്റെ മക്കൾ ചെയ്ത തെറ്റിന് ദൈവത്തോട് മാപ്പപേക്ഷിക്കുന്നു." ഇതു മതിയായിരുന്ന തന്റെ മക്കളുടെ മനസ് തിരിയാൻ. നിയമത്തെ കാറ്റിൽ പറത്തി "എന്തിന് മുഴുവൻ സമയവും ളോഹ ധരിച്ച് നടക്കണം?" എന്ന് ചോദിച്ചവർ ഓരോരുത്തരായി റെക്ടറച്ചനോടൊപ്പം മുട്ടുകുത്താൻ തുടങ്ങി... "ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ ബലിയർപ്പിക്കുന്നു" (യോഹ 10,11). മക്കളുടെ തെറ്റിന് സ്വയം ശിക്ഷ അനുഭവിച്ച ഔറേലിയച്ചൻ ഇന്ന് ദൈവദാസനാണ്.

നല്ല ഇടയന്റെ ഏറ്റവും വലിയ പ്രത്യേകതയാണ് സുവിശേഷകൻ ക്രിസ്തുവിന്റെ വാക്കുകളിലൂടെ വരച്ച് കാണിക്കുന്നത്. "നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ ബലി

യർപ്പിക്കുന്നു" (യോഹ 10,11). ദൈവത്തിന്റെ സ്വഭാവം തന്നെയാണ് ക്രിസതു "ഞാൻ നല്ല ഇടയനാകുന്നു" എന്ന പ്രസ്ഥാവനയിലൂടെ ചൂണ്ടിക്കാണിക്കുന്നത്. കത്തുന്ന മുൾപടർപ്പിൽ നിന്ന് ദൈവം മോശയെ വിളിക്കുമ്പോൾ മോശ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്, "നീ പറയുന്നതുപ്പോലെ ഞാൻ പ്രവർത്തിക്കാം. പക്ഷെ, അവിടെ ചെന്ന് ഞാൻ നീ പറഞ്ഞ കാര്യങ്ങൾ പറയുമ്പോൾ അവർ നിന്റെ പേര് ചോദിക്കും. അപ്പോൾ ഞാൻ എന്തു പറയണം?" (പുറ 3,13). ഈ ചോദ്യത്തിന് മറുപടി പറയുന്നത് കർത്താവ് ഇപ്രകാരമാണ്, "ഞാൻ..........ആകുന്നു (I am, Who I Am)" (പുറ 3,14). ഈ രണ്ടു വാക്കുകൾക്കിടയിൽ വിശുദ്ധിയോട് യോജിക്കുന്ന എന്തു കൂട്ടിവച്ചാലും അത് ദൈവത്തിന് യോജിക്കുന്നതാണ്. ക്രിസ്തു ചെയ്യുന്നതും ഇത് തന്നെയാണ്. ക്രിസ്തു പറയുന്നു, "ഞാൻ നല്ല ഇടയൻ ആകുന്നു" യോഹ 10,11). ഇതിന് ശേഷം നല്ല ഇടയന്റെ പ്രത്യേകതകൾ ക്രിസ്തു പങ്കുവയ്ക്കുകയാണ്.

**1. നല്ല ഇടയനായ ഞാനാകുന്നു ആടുകളുടെ വാതിൽ (യോഹ 10,7):** ആടുകളുടെ ഉടമസ്ഥൻമാർ തങ്ങളുടെ ആടുകൾക്ക് ഇടയൻമാരെ വയ്ക്കുമായിരുന്നു. അവരാണ് ആടുകളെ മേയ്ക്കുന്നതും നയിക്കുന്നതും പരിപാലിക്കുന്നതും. അവർ ആടുകളെ കൊണ്ട് യാത്രയായൽ ദിവസങ്ങളും മാസങ്ങളും കഴിഞ്ഞിട്ടെ സ്വഭവനത്തിലേയ്ക്ക് തിരിച്ചെത്തുകയൊള്ളു. ഇടയൻ തന്റെ ആടുകളുമായി യാത്ര ചെയ്യുമ്പോൾ രാത്രികാലങ്ങളിൽ അന്തിയുറങ്ങിയിരുന്നത് ഗുഹകളിലായിരുന്നു. ആടുകളെ മുഴുവൻ ഗുഹക്കുള്ളിലാക്കി ഇടയൻ ഗുഹാമുഖത്ത് കിടക്കും. ഗുഹാമുഖങ്ങളിൽ കല്ലെടുത്ത് വച്ച് ഗുഹ അടയ്ക്കാൻ സാധിക്കില്ല. കാരണം, ആടുകൾക്ക് ശ്വാസം മുട്ടും. ഇങ്ങനെയുള്ള അവസ്ഥയിൽ വന്യജീവികൾ ആടുകളെ ആക്രമിക്കാൻ വരുമ്പോൾ ആദ്യം യജമാനനെയാണ് ആക്രമിച്ചിരുന്നത്. ഇടയനെ ആക്രമിച്ചതിന് ശേഷം ആടുകളെ പിടിക്കുന്ന വന്യജീവികൾ. അതുകൊണ്ട് തന്നെ ഇടയന്റെ ചങ്കിൽ ചവിട്ടിനിൽക്കാതെ ആടുകളെ തൊടാൻപ്പോലും വന്യജീവികൾക്ക് സാധിക്കുമായിരുന്നില്ല.

ഈ അവസ്ഥയിൽ തങ്ങളുടെ ജീവൻ വില കൽപ്പിക്കുന്ന ഇടൻമാർ ഗുഹാമുഖത്ത് കിടക്കുന്നതിന് പകരം ഉള്ളിലേയ്ക്ക് വലിഞ്ഞ് കിടക്കുമായിരുന്നു. അങ്ങളെ തങ്ങളുടെ ജീവൻ രക്ഷിക്കാൻ വേണ്ടി ആടുകളെ വന്യജീവികൾക്ക് ബലികൊടുക്കുമായിരുന്നു. ക്രിസ്തു പറയുന്നു, "ഞാൻ അപ്രകാരമല്ല. ഞാൻ നല്ല ഇടയനാകുന്നു." ഇത്തരം കള്ളത്തരം ചെയ്യുന്ന ഇടയൻമാരും ഇടൻമാർ തന്നെയാണ്. പക്ഷെ, ഞാൻ അങ്ങനെയല്ല. അതുകൊണ്ടാണ് ക്രിസ്തു പറഞ്ഞു വയ്ക്കുന്നത്, "ഫലത്തിൽ നിന്ന വൃക്ഷത്തെ തിരിച്ചറിയാം" (ലൂക്കാ 6,44) എന്ന്.

കുറച്ചുനാളുകൾക്ക് മുമ്പ് ദീപിക ദിനപത്രത്തിൽ വയിച്ച ഏറ്റവും ഹൃദ്യമായ സംഭവം; ഇടുക്കിയിലെ രാജകുമാരിക്കടുത്താണ് സംഭവം നടന്നത്. നന്നായി പഠിക്കണം, പരീക്ഷകളിൽ കോപ്പിയടിക്കരുത് എന്ന് ക്ലാസ് ടീച്ചർ എല്ലാ കുട്ടികളെയും ഓർമ്മപ്പെടുത്തി. എന്നിട്ടും, ക്ലാസിലെ ചില തല്ലുകൊള്ളികൾ ടീച്ചറുടെ വാക്കുകൾ കാറ്റിൽ പറത്തി ആഘോഷമായി കോപ്പിയടിച്ചു. അവസാനം, ടീച്ചർ ഉത്തര കടലാസ് തിരിച്ചു കൊടുത്തപ്പോൾ ടിച്ചർ അന്താളിച്ചുപ്പോയി. പരീക്ഷ അൽപ്പം ബുദ്ധിമുട്ടായിരുന്നത് കൊണ്ട് വിചാരിച്ച 'റിസൽട്ട്' ഒന്നുമില്ല. പക്ഷെ, തോൽക്കുമെന്ന് ഉറപ്പുണ്ടായിരുന്ന ചിലർ ജയിച്ചിരിക്കുന്നു. ജയിക്കുമെന്ന് ഉറപ്പുണ്ടായിരുന്നവർ തോറ്റിരിക്കുന്നു. ജയിച്ചവരുടെ പേപ്പർ നോക്കിയപ്പോൾ ടീച്ചർക്ക് മനസിലായി അതിൽ കുറച്ചുപ്പേർ കോപ്പിയടിച്ചിട്ടുണ്ടെന്ന്. കാരണം, ചില ചോദ്യങ്ങൾക്ക്, മലയാളം കൂട്ടിയെഴുതാൻ പോലും സാധിക്കാത്ത, ചിലർ വള്ളി പുള്ളി വിടാതെ ഉത്തരം എഴുതിയിരിക്കുന്നു. ടീച്ചർ അവരെ വിളിച്ച് ചോദിച്ചു, "നിങ്ങൾ കോപ്പിയടിച്ചോ?" അവസാനം അവർ സമ്മതിച്ചു, "ഞങ്ങൾ കോപ്പിയടിച്ചുവെന്ന്." സംഭവം ഗുരുതരമായി. പ്രധാന അദ്ധ്യാപികയുടെ അടുത്തെത്തി കോപ്പിയടി വിഷയം. പിറ്റേ ദിവസം 'അസംബ്ലി'ക്ക് വന്നപ്പോൾ പ്രധാന അദ്ധ്യാപിക വടിയുമായ് വന്ന് മൈക്കിന്റെ അടുത്തെത്തി കോപ്പിയടിയെകുറിച്ച് പറഞ്ഞു. എന്നിട്ട് ഇത്രയും കൂടി കൂട്ടി ചേർത്തു,

നല്ല ഇടയൻ സുരക്ഷിതത്വവും കരുതലും നൽകുന്നവനാണ്. കുറവുകളും, ആവശ്യങ്ങളും, സങ്കടങ്ങളും, പരാതികളും, പരിഭവങ്ങളും, അസ്വസ്ഥതകളും അറിയുന്നവനും പരിഹരിക്കുന്നവനുമാണ്.

“എന്റെ മക്കൾ കോപ്പിയടിച്ചിട്ടുണ്ടെങ്കിൽ അത് എന്റെ കുറവാണ്. കാരണം, എന്റെ മക്കൾക്ക് വിദ്യമാത്രമെ ഞാൻ പറഞ്ഞു കൊടുത്തിട്ടൊള്ളു. അതിനാൽ, മക്കളെ യല്ല ശിക്ഷിക്കേണ്ടത്. മറിച്ച്, എന്നെയാണ്.”

ഇത്രയും പറഞ്ഞിട്ട് പ്രധാന അദ്ധ്യാപിക തന്റെ കൈയിലുണ്ടായിരുന്ന ചൂരൽ കൊണ്ട് തന്നെ തന്നെ തലങ്ങനെയും വിലങ്ങനെയും അടിക്കുകയാണ്. ഇതു കണ്ടു നിന്നിരുന്ന കോപ്പിയടിച്ച കുട്ടികൾക്ക് സഹിക്കാവുന്നതിൽ അപ്പുറമായിരുന്നു ഇത്. അവർ ഓടി വന്ന് ടീച്ചറെ കെട്ടിപിടിച്ച് കരയുകയാണ്.

നാം നല്ല ഇടയനാണെങ്കിൽ നാം ആകണം ആടുകളുടെ വാതിൽ. നല്ല ഇടയൻ ആടുകളുടെ രക്ഷയ്ക്ക് വേണ്ടി സഹനങ്ങൾ ഏറ്റെടുക്കാൻ തയ്യാറാകണം. ഞാൻ എന്റെ കുടുബത്തിന്റെ നല്ല ഇടയനാണെങ്കിൽ എന്റെ കുടുബത്തിലുള്ളവർ ഞാനാകുന്ന വാതി ലിലൂടെയാണ് അകത്ത് പ്രവേശിക്കേണ്ടത്. എന്റെ പ്രിയപ്പെട്ടവർ ഉറങ്ങുമ്പോഴും അവർക്ക് വേണ്ടി ഉണർന്നിരിക്കാൻ എനിക്ക് കഴിയണം.

*എനിക്ക് കരുതലുള്ള ഒരിടയനുണ്ട് എന്നുള്ള ചിന്ത ജീവിതത്തെ അനുഗ്രഹപൂർണ്ണമാക്കും. “എന്തു തിന്നും എന്തു കുടിക്കും എന്തു ധരിക്കും എന്നതിനെ കുറിച്ച് ആശങ്കപ്പെടേണ്ട. കാരണം, നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിന് അവയൊക്കെ അറിയാം.” (മത്താ 6,25)*

**2. നല്ല ഇടയനായ ഞാൻ ജീവദാദാവും ജീവനർപ്പിക്കുന്നവനുമാണ് (യോഹ 10,10–11)** : സങ്കീർത്തനം 23 ൽ നാം വായിക്കുന്നുണ്ട് “കർത്താവാണ് എന്റെ ഇടയൻ എനിക്കൊന്നിനും കുറവുണ്ടാവുകയില്ല” (23,1). കർത്താവ് എന്റെ ഇടയനാണെങ്കിൽ എനിക്കൊന്നിനും കുറവുണ്ടാവുകയില്ല. കാരണം, അവൻ നല്ല ഇടയനാണ്. നല്ല ഇട യൻ ആടുകൾക്ക് വേണ്ടി ജീവൻ നൽകുന്നവനും ജീവൻ അർപ്പിക്കുന്നവനുമാണ്.

വി.ഫ്രാൻസീസ് അസ്സീസിയുടെ ജീവിതത്തിൽ നിന്ന് ഒരേട്. ദാരിദ്ര്യത്തെ വ്രത മായ് സ്വീകരിച്ചിട്ടുള്ള അസ്സീസിപുണ്ണ്യവാളന്റെ ജീവിത ചൈതന്യമെന്നത് ജീവിതചര്യക ളിലൂടെ ദൈവവചനം പ്രഘോഷിക്കുക, ക്രിസ്തുവിനെ പങ്കുവച്ച് കൊടുക്കുക എന്ന താണ്. ഒരു ദിവസം അസ്സീസി പുണ്യവാളൻ തന്റെ ഏറ്റവും പ്രിയപ്പെട്ട രണ്ട് ശിഷ്യൻമാരെ ദൈവവചനം പ്രഘോഷിക്കുന്നതിന് വേണ്ടി അയച്ചു. കുന്നിൻ ചെരുവുകൾ താണ്ടി അവർ വചനം പ്രഘോഷിക്കാനും പ്രസംഗിക്കാനുമായി തിരിച്ചു. ഏറെ കഴിഞ്ഞിട്ടും അവർ തിരി ച്ചെത്താതായപ്പോൾ അസ്സീസിക്ക് വിഷമമായി. നേരം ഇരുട്ടിക്കൊണ്ടിരിക്കുന്നു. മഞ്ഞ് വീഴാനും തുടങ്ങിയിരിക്കുന്നു. അസ്സീസി പുണ്യവാളൻ പടിവാതിൽക്കൽ (ഗൈറ്റ്) ചെന്ന് കാത്തിരിക്കാൻ തുടങ്ങി. ഏകദേശം, പാതിരാത്രിയായപ്പോഴാണ് രണ്ട് ശിഷ്യൻമാർ വചനം പ്രസംഗിച്ച് തളർന്ന് അവശരായ് കടന്ന് വന്നത്. അവർ അകത്ത് കടക്കാൻ നോക്കിയ പ്പോൾ പടിയിൽ മഞ്ഞ് കൂടി കിടക്കുന്നു. അവർ നല്ല ഒരു “തൂമ്പ” എടുത്ത് കൊണ്ട് വന്ന് മഞ്ഞ് വാരി കളയാൻ ആരംഭിച്ചു. കുറച്ച് കഴിഞ്ഞപ്പോൾ മഞ്ഞ്കൂമ്പാരത്തോടൊപ്പം ചുവന്ന ദ്രാവകവും കിനിഞ്ഞ് ഇറങ്ങുന്നതു കണ്ടപ്പോൾ ആ ശിഷ്യൻമാർക്ക് വലിയ ആദി യായ്. പിന്നെ, അവർ ശ്രദ്ധാപൂർവ്വം മഞ്ഞ് കൂമ്പാരം നീക്കിയപ്പോൾ കണ്ടത് “സുവി ശേഷ വേലയ്ക്ക് പോയ തന്റെ ശിഷ്യൻമാരെ കാത്തിരിക്കുന്ന വി. ഫ്രാൻസീസ് അസ്സിസി യെയാണ്.”

നല്ല ഇടയന്റെ പ്രത്യേകത ഇത് തന്നെയാണ്; “അവൻ ജീവദാദാവും ജീവനേകു ന്നവനുമാണ്.” ചുരുക്കത്തിൽ അപ്പനിൽ നിന്ന് നല്ല അപ്പനിലേയ്ക്കും, അമ്മയിൽ നിന്ന് നല്ല അമ്മയിലേയ്ക്കും, മക്കളിൽ നിന്ന് നല്ല മക്കളിലേയ്ക്കും, സുഹൃത്തിൽ നിന്ന് നല്ല ചങ്ങാതിയിലേയക്കുമുള്ള ദൂരം ഇടയനിൽ നിന്ന് നല്ല ഇടയനിലേയ്ക്കുള്ള ദൂരം തന്നെ യാണ്. ആടുകളെ അറിയുക... ആടുകളെ മുമ്പേ നിന്ന് നയിക്കുക... ആടുകളെ പേര് ചൊല്ലി വിളിക്കുക... ആടുകൾക്ക് ജീവനേകുക... അവസാനം ക്രിസ്തു കാണിച്ച് തന്ന തുപോലെ ആടുകൾക്ക് വേണ്ടി ജീവൻ സമർപ്പിക്കുക...

***“എന്റെ മേച്ചിൽ സ്ഥലത്തെ ആടുകളെ നശിപ്പിക്കുകയും ചിതറിക്കുകയും ചെയ്യുന്ന ഇടയൻമാർക്ക് ശാപം.... നിങ്ങളുടെ ദുഷ്കൃത്യങ്ങൾക്ക് ഞാൻ പകരം വീട്ടും. അവയെ മേയ്ക്കുന്നതിന് ഇടയൻമാരെ ഞാൻ നിയോഗിക്കും.”***

..................................................................................................**ജെറ 23,1–5**

ഫാ. ജോബി മേനോത്ത് : +91 944 7777 931